/95585/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 15-05-2023
Email-swdkerala@gmail.com
Phone-0471–2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് –ഡയറക്ടറേറ്റ് - 2023-24 സാമ്പത്തിക വർഷം ഇംപ്രസ്റ്റ് മണി പദ്ധതി നടപ്പിലാക്കുന്നത് - മാർഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:- 1. സ.ഉ (സാധാ) 102/2023/സാ.നീ.വ തീയതി 08.05.2023

2. ഈ കാര്യാലയത്തിലെ ഇതേ നം. നടപടിക്രമം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥർക്കും അശരണർക്കും ആഹാരം, വസ്ത്രം. വൈദ്യസഹായം എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനും അടിയന്തിര സഹായം നൽകുന്നതിനുമായി സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഇംപ്രസ്റ്റ് മണി പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 7 ലക്ഷം രൂപ അനുവദിച്ച് സൂചന 1 പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ജില്ലാ സാമൂഹ്യനീതി ഓഫീസിനും 50,000/- രൂപ വകയിരുത്തിയിട്ടുള്ളതും, ടി തുകയുടെ ആദ്യഘട്ട തുകയായി 25,000/- രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും സൂചന 2 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

**<u>അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1. അടിയന്തിര സാഹചര്യത്തിൽ നൽകുന്ന സേവനമായതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അനിവാര്യമെന്ന് ബോധ്യമാകുന്നപക്ഷം ദാരിദ്ര്യരേഖ പരിധി, റേഷൻ കാർഡ്, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഒഴിവാക്കി അടിയന്തിര ഇടപെടലുകൾ നടത്താവുന്നതാണ്.
2. അടിയന്തിര പ്രാഥമിക ശുശ്രൂഷ നൽകൽ, മരുന്നുകളും അനുബന്ധ ചികിൽസ ചെലവുകളും, അടിയന്തിര ശസ്ത്രക്രിയ, ലഘു ശസ്ത്രക്രിയകൾ, ആംബുലൻസ് സേവനം, യാത്രാചെലവ്, എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്.
3. ഉപേക്ഷിക്കപ്പെട്ടനിലയിൽ കണ്ടെത്തുന്നവരെയും അലഞ്ഞുതിരിഞ്ഞു കാണപ്പെടുന്നവരെയും സുരക്ഷിതമായ പുനരധിവാസ കേന്ദ്രത്തിലെത്തിക്കുന്നതിനും ആയതിനു മുൻപായുള്ള മെഡിക്കൽ പരിശോധനയ്ക്കും ഭക്ഷണത്തിനും തുക വിനിയോഗിക്കാനുന്നതാണ്.
4. പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ഭക്ഷണം, എന്നിവ നൽകുന്നതിനു തുക വിനിയോഗിക്കാവുന്നതാണ്.
5. ആസിഡ് ആക്രമണം, മറ്റ് ഗുരുതര പൊള്ളൽ ഏൽക്കുക എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിന് തുക വിനിയോഗിക്കാവുന്നതാണ്.
6. ജീവനോ സ്വത്തിനോ അപകടമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര പരിരക്ഷ

നൽകുന്നതിനും പദ്ധതി മുഖേന സാധ്യമാകും.

7. പ്രാഥമിക ചികിൽസ നൽകുന്നതിനു സ്വകാര്യ ആശുപത്രികളെയും സമീപിക്കാവുന്നതാണ്. എന്നാൽ വിദഗ്ദ ചികിൽസ ശുപാർശ ചെയ്യുന്നപക്ഷം ആയതു സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.
8. ആശുപത്രി ചികിൽസ ആവശ്യമുള്ളപക്ഷം, പരിചാരകർ ആരുമില്ലാത്ത സാഹചര്യത്തിൽ രേഖാമൂലം കുടുംബശ്രീയിൽ നിന്നുള്ളവർ/തൊഴിലുറപ്പ് ജോലി ചെയ്യുന്നവർ/സന്നദ്ധ സംഘടനയിൽ നിന്നുള്ളവർ/അംഗീകൃത ഏജൻസിയിൽ നിന്നുള്ളവർ എന്നിവരെ കെയർഗിവറായി നിയോഗിക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്.
9. കൂട്ടിരിപ്പുകാരെ നിയോഗിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഡോക്ടർ നിർദ്ദേശിക്കുന്ന ദിവസങ്ങൾക്ക് കൂട്ടിരിപ്പുകാർക്ക് കുടുംബശ്രീ/മാർക്കറ്റ് റേറ്റോ 650 രൂപയോ (പരമാവധി പന്ത്രണ്ടു മണിക്കൂർ സേവനത്തിനായി) ഏതാണ് കുറവ് അത് ദിവസ വേതനമായി അനുവദിക്കാവുന്നതാണ്.
10. Inpatient ആയി ചികിൽസ ലഭ്യമാക്കേണ്ട കേസുകളിൽ (അടിയന്തിര ചികിൽസ, ശസ്ത്രക്രിയ തുടങ്ങിയ) കിടത്തി ചികിൽസ ആവശ്യമാണെന്ന് ചികിൽസിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന ദിവസങ്ങൾക്കു മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ വാടകയിൽ നിജപ്പെടുത്തിയും മുറി വാടക അനുവദിക്കാവുന്നതാണ്.

CHETAN KUMAR MEENA
**സാമൂഹ്യനീതി ഡയറക്ടർ**

അംഗീകാരത്തോടെ,

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2023-2024 സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പ്, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി തുക ചെലവഴിക്കുന്നതിനു ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.102/2023/SJD തീയതി,തിരുവനന്തപുരം, 08-05-2023

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09.04.2023-ലെ എസ്.ജെ.ഡി/1674/2023-സി.3 നമ്പർ കത്ത്, 09.04.2023-ലെ എസ്.ജെ.ഡി/1673/2023-സി.3 നമ്പർ കത്ത്, 10.04.2023-ലെ എസ്.ജെ.ഡി/1672/2023-സി.3 നമ്പർ കത്ത്.
2. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04.04.2023-ലെ കെ.എച്ച്.പി.ഡബ്ലിയു.സി/634/2022/എ.5 നമ്പർ കത്ത്.
3. 12.04.2023-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി കുറിപ്പ്

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി സാമൂഹ്യനീതി വകുപ്പിനും, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനും വിവിധ ശീർഷകങ്ങളിലായി താഴെ പറയും പ്രകാരം തുകകൾ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ. | പദ്ധതി | ശീർഷകം | വകയിരുത്തിയിട്ടുള്ള തുക |
|---|---|---|---|
| 1 | പാർശ്വവത്ക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ | 2235-60-200-83(P) | 14,00,00,000/- |
| 2 | ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമം | 2235-60-200-64(P) | 5,00,00,000/- |

| | | | |
|---|---|---|---|
| 3 | ബാരിയർ ഫ്രീ കേരള സ്കീം | 4235-02-101-99(P) | 9,00,00,000/- |
| 4 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | 2235-02-190-98(P) | 9,00,00,000/- |

2. മേൽ ശീർഷകങ്ങളിൽ നിന്നും സാമൂഹ്യനീതി വകുപ്പും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും യഥാക്രമം പരാമർശം 1, 2 പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു.

3. പരാമർശം 3-പ്രകാരം ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ, മേൽപറഞ്ഞ പ്രപ്പോസലുകൾ പരിഗണിക്കുകയും, ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹികനീതി വകുപ്പ് മുഖേനയും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വകുപ്പ് | ക്രമ നമ്പർ. | പദ്ധതി | ശീർഷകം | ഭരണാനുമതി തുക |
|---|---|---|---|---|
| സാമൂഹ്യ ക്ഷേമ വകുപ്പ് | 1 | Recovery Facilitation Unit - Day Care Project | 2235-60-200-83-(P) | 35,95,900/- |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 2 | Imprest Money Scheme | 2235-60-200-83-(P) | 7,00,000/- |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 3 | Orphanage Control Board - Orientation Programme | 2235-60-200-83-(P) | 2,51,000/- |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 4 | TG Sensitization Programme for | 2235-60-200-64-(P) | 37,54,000/- |

| | | | | |
|---|---|---|---|---|
| | | School/College Students, Teachers, Non Teaching Staffs, Officers, Police, CDS, ADS, TG Persons | | |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 5 | Transgender Fest | 2235-60-200-64-(P) | 50,00,000/- |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 6 | Crisis Intervention Centre for TG's | 2235-60-200-64-(P) | 38,48,500/- |
| സാമൂഹ്യ ക്ഷേമ വകുപ്പ് | 7 | Barrier Free - Thrissur | 4235-02-101-99-(P) | 1,25,00,000/- |
| സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | 8 | Kerala State Handicapped Welfare Corporation Ltd<br><br>Ongoing Schemes<br>i.Subhayatra,<br>ii.Aashwasam,<br>iii.Hasthadhanam | 2235-02-190-98-(P) | 9,00,00,000/- |

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദുമോൾ തോമസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം. അക്കൗണ്ടന്റ്

ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ